# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടരിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 14/1159/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 14/1159/2021 തീയ്യതി: 24/08/2021

## മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീ. ഉണ്ണി പി | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈബ മണമ്മൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി വനജ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ അബ്ദുന്നാസർ ടി | സെക്രട്ടറി | 24-04-2019 | 22-07-2019 |
| ശ്രീമതി വനജ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2019 | 08-08-2019 |
| ശ്രീ രാജശേഖരൻ പി കെ | സെക്രട്ടറി | 09-08-2019 | 05-11-2019 |
| ശ്രീമതി വനജ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 12-12-2019 |
| ശ്രീ ഹരീഷ്കുമാർ എൻ | സെക്രട്ടറി | 13-12-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വനജ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ അബ്ദുൾ നാസർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 09-04-2019 |
| ഡോ ഷിജ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 10-04-2019 | 31-03-2020 |
| ഡോ ഉമാ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ അബ്ദുള്ള കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. മുജീബ് റഹ്മാൻ പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. റോയ് മാത്യു | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീത എം ഡി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലുബ്ന ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 12-12-2019 |
| ശ്രീമതി ജിഷ പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 13-12-2019 | 31-03-2020 |
| ശ്രീ മനോജ് | വി ഇ ഒ 1 | 01-04-2019 | 09-06-2019 |
| ശ്രീമതി ജോമോൾ | വി ഇ ഒ 1 | 10-06-2019 | 25-11-2019 |
| ശ്രീ ഷൈജിത് | വി ഇ ഒ 1 | 26-11-2019 | 31-03-2020 |
| ശ്രീ സുബിൻ ആന്റണി | വി ഇ ഒ 2 | 01-04-2019 | 25-11-2019 |
| ശ്രീമതി സനിത | വി ഇ ഒ 2 | 26-11-2019 | 31-03-2020 |
| ശ്രീമതി നസീമ.കെ. | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohammed Ali M (Audit Officer, On 09-08-2021)<br>Last Updated By: Mohammed Ali M (Audit Officer, On 09-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bijesh A S (Auditor, On 28-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക<br>Written By: Sakeer Hussain.P (Asst. Audit Officer, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-11 |
| 12 | വസ്തു നികുതി നിർണ്ണയം - അപാകതകൾ<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Bijesh A S (Auditor, On 10-08-2021) | 1-12 |
| 13 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-13 |
| 14 | ശമ്പളത്തിൽ നിന്ന് ജി.ഐ.എസ് കുറവു ചെയ്യുന്നില്ല<br>Written By: Mohammed Ali M (Audit Officer, On 01-08-2021)<br>Last Updated By: Mohammed Ali M (Audit Officer, On 01-08-2021) | 1-14 |
| 15 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല<br>Written By: Mohammed Ali M (Audit Officer, On 01-08-2021)<br>Last Updated By: Mohammed Ali M (Audit Officer, On 01-08-2021) | 1-15 |
| 16 | മരുന്നുകൾ പൂർണമായി ലഭിച്ചില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-07-2021)<br>Last Updated By: Sakeer Hussain.P (Asst. Audit Officer, On 09-08-2021) | 1-16 |
| 17 | പൂർത്തീകരണ/ മൂല്യനിർണ്ണയ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Mohammed Ali M (Audit Officer, On 02-08-2021)<br>Last Updated By: Mohammed Ali M (Audit Officer, On 02-08-2021) | 1-17 |
| 18 | ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-07-2021)<br>Last Updated By: Sakeer Hussain.P (Asst. Audit Officer, On 03-08-2021) | 1-18 |
| 19 | ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ കുടിവെള്ളവിതരണത്തിന് പണം നൽകി<br>Written By: Mohammed Ali M (Audit Officer, On 01-08-2021)<br>Last Updated By: Sakeer Hussain.P (Asst. Audit Officer, On 03-08-2021) | 1-19 |
| 20 | കൂട്ടാട്ടപാറ അംഗനവാടി പുനരുദ്ധരുദ്ധാരണം - മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 17030രൂപ<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-20 |
| 21 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഗ്രേഡഡ് മെറ്റൽ (DAR Code 16.42) ഉപയോഗിച്ച കൊണ്ടുള്ള കോൺക്രീറ്റിംഗ് ചെയ്തില്ല<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-21 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-22 |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-23 |

| | | |
|---|---|---|
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-24 |
| 25 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-25 |
| 26 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കില്ല.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൂട്ടാട്ടപാറ അംഗനവാടി പുനരുദ്ധരുദ്ധാരണം - മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 17030രൂപ<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 08-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/തീയതി | പുതുക്കിയത് തീരുമാന നമ്പർ/തീയതി |
|---|---|
| 1/1, 14-02-19 | 1/2, 23-03-20 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 08-06-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21112136 |
| വരവ് | 52024371 |
| ആകെ | 73136507 |
| ചെലവ് | 46075532 |
| നീക്കിയിരിപ്പ് | 27060975 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 10321800 | 10321800 | 6981966 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 2944588 | 2944588 | 1843243 | - |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 12172000 | 12172000 | 8493628 | - |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | - | 3599000 | 3599000 | 3052064 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 8026979 | 8026979 | 4526542 | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - |
| സാക്ഷരത | 664 | - | 664 | - | 664 |
| ബി ഫണ്ട് | - | 13529540 | 13529540 | 13529540 | - |
| എൻ.ആർ.ഇ.ജി.എസ് | 46739 | 658272 | 705011 | 608428 | 96583 |
| എസ്.എസ്.എ | 225450 | - | 225450 | - | 225450 |
| ടി.എസ്.സി | 315598 | - | 315598 | - | 315598 |
| ഐ.സി.ഡി.എസ് | 351460 | 1505475 | 1856935 | 245210 | 1611725 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 208 | 61956505 | 127 | 33441850 | - | 81 | 53.98 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 46739 | 658272 | 705011 | 608428 | 96583 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3611172 | 3611172 | 3611172 | - |

(കുറിപ്പ് : സ്ഥാപനത്തിലെ NREGA കാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് നൽകിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രികയിലെ തുകകൾ ഇതുമായി പൊരുത്തപ്പെടുന്നില്ല)

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14640 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 523800 | 100 |
| വിധവാപെൻഷൻ | 5256000 | 919 |
| വാർദ്ധക്യകാല പെൻഷൻ | 5899500 | 1103 |
| വികലാംഗ പെൻഷൻ | 1745600 | 303 |

| | | |
|---|---|---|
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൻഷൻ | 90000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2021 ന് 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 8017 രൂപയുടെ ആധികാരികത 19.07.21-ലെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

2. കെട്ടിടങ്ങളെ കുറിച്ചുള്ള ആവശ്യപ്പെട്ട ഫയലുകൾ യഥാസമയം സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിലെ സ്റ്റാഫ് നിരന്തരം മാറുന്നത് മൂലം, കെട്ടിട നിർമ്മാണം, കെട്ടിട നമ്പറിംഗ് പോലുള്ള പ്രധാന സെക്ഷനുകളിൽ ഫയലുകൾ കെട്ടികിടക്കുന്ന അവസ്ഥയുണ്ട്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 01/21 | 24/02/21 |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 വാർഷിക ധനകാര്യ പത്രിക

വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് റവന്യൂ ചെലവ് ചെയ്യുമ്പോൾ തത്തുല്യമായ തുക Revenue Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല [MGNREGA, ICDS (Central Share), TSC, SSA].
2. വാർഷിക കണക്കുകളിലെ തുകകളും വസ്തു നികുതി രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല
3. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികളുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.
4. ഡിപ്പോസിറ്റുകൾ [B7], ഹെഡുകൾ തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല..
5. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

## 1-12 വസ്തു നികുതി നിർണ്ണയം - അപാകതകൾ

1. ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു - വസ്തു നികുതിയിൽ കുറവ് വന്നു

7/688A നമ്പറിലുള്ള കെട്ടിടത്തിന് 241 ചതുശ്രമീറ്റർ തറവിസ്തീർണ്ണമുണ്ടെങ്കിലും '100 ചതുശ്രമീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടം' എന്ന ഉപയോഗക്രമത്തിൽ പെടുത്തി വസ്തു നികുതി കുറവായാണ് (ചതുശ്രമീറ്ററിന് 30/- രൂപ നിരക്കിൽ) നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമം '100 ചതുശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടം' എന്നതും അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുശ്രമീറ്ററിന് 50/- രൂപ എന്നതുമാകുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്റർ) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 30/- രൂപ നിരക്കിൽ) | യഥാർത്ഥ വസ്തു നികുതി (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 7/688A | 241 | 7230 | 12050 | 4820 |

കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2. തറനിർമ്മിതിയുടെ തരത്തിനുള്ള വർദ്ധന നൽകിയില്ല

6/95Aമുതൽ 6/95ADനമ്പറുകളിൽ ഉള്ള ഷോപ്പിംഗ് മാൾ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം സഞ്ചയയിലെ രേഖകൾ പ്രകാരം 2160 ചതുരശ്രമീറ്റർ ആണ്. കെട്ടിടത്തിന്റേത് മുന്തിയ ഇനം തറ നിർമ്മിതി ആണെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ട്. 250 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മുന്തിയ ഇനം തറയാണെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധന നൽകേണ്ടതുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചപ്പോൾ ഈ വർദ്ധന നൽകിയതായി കാണുന്നില്ല. നികുതിനിർണ്ണയത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്റർ) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 70/- രൂപ നിരക്കിൽ) | തറനിർമ്മിതിയിൽ നൽകേണ്ടിയിരുന്ന വർദ്ധനവ് (അടിസ്ഥാന നികുതിയുടെ 15%) |
|---|---|---|---|
| 6/95A - 6/95AD | 2160 | 151200 | 22680 |

കെട്ടിടത്തിന്റെ തറനിർമ്മിതി പരിഗണിച്ച് പട്ടികയിൽ സൂചിപ്പിച്ച വർദ്ധനവ് കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 05/22.07.21-ന് മറുപടി ലഭിച്ചിട്ടില്ല

## 1-13 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടക്കേണ്ടതാണ്. എന്നാൽ 2019-20-ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കുടിശ്ശിക കാലഘട്ടം |
|---|---|---|
| 1 | കേരളാ ഇലക്ട്രിക്കൽസ് & അല്ലീഡ് എഞ്ചിനീയറിംഗ് കമ്പനി | 2019-20, I Half |
| 2 | ബ്രദർ പെട്രോളിയം | 2019-20, II Half |
| 3 | ഐ.ഡി.ബി.ഐ ബാങ്ക് | 2019-20, I & II Halfs |
| 4 | ബാങ്ക് ഓഫ് ഇന്ത്യ | 2019-20, I Half |
| 5 | എമിനെന്റ് ജുവൽ ആർക്കേഡ് | 2019-20, II Half |
| 6 | സുന്ദരം ഫൈനാൻസ് | 2019-20, II Half |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/22.07.21-നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിനായി നോട്ടീസ് നൽകുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 1-14 ശമ്പളത്തിൽ നിന്ന് ജി.ഐ.എസ് കുറവു ചെയ്യുന്നില്ല

01.09.1984 നോ അതിനു ശേഷമോ സർക്കാർ സർവീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കവിയാത്ത ജീവനക്കാർ സർവീസിൽ പ്രവേശിച്ച് ഒരു വർഷത്തിനുള്ളിൽ ജി.ഐ.എസിൽ അംഗമാകേണ്ടതും റിട്ടയർ ചെയ്യുന്നതുവരെ, സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പ്രതിമാസ പ്രീമിയം ഒടുക്കേണ്ടതുമാണ്. ജി.ഐ.എസിൽ അംഗമായതിനു ശേഷമേ ആദ്യ ഇൻക്രിമെന്റ് അനുവദിക്കാവൂ എന്ന് കെ.എസ്.ആർ ഭാഗം I റൂൾ 22B, റൂൾ 31 നോട്ട് 3 എന്നിവയിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

എന്നാൽ, പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ഫക്രുദ്ദീൻ അലി ആമിർ ഇല്ലത്തൊടി എന്നവരുടെ ശമ്പളത്തിൽ നിന്ന് ജി.ഐ.എസ് കുറവു ചെയ്യുന്നില്ല. സെറിഫെഡിൽ ഫീൽഡ് അസിസ്റ്റന്റായി 26.12.1995 ന് ജോലിയിൽ പ്രവേശിച്ച ടിയാൾ പുനർവിന്യാസം വഴി എടരിക്കോട് ഗ്രാമ പഞ്ചായത്തിൽ ക്ലാർക്കായി 02.08.2010 ന് ജോലിയിൽ പ്രവേശിച്ചതാണ്. ടിയാളുടെ സേവനപുസ്തകത്തിൽ ജി.ഐ.എസ് നോമിനേഷൻ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉണ്ട്.

ജി.ഐ.എസ് അടവാക്കാത്തതിന്റെ കാരണമറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നം. 4 /15.07.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഐ.എസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

പഞ്ചായത്തിലെ അറ്റന്റർ ശ്രീ. ഷംസുദ്ദീൻ എന്നവർക്ക് 2014 ലെ ശമ്പള പരിഷ്കരണ കുടിശിക നാലു ഗഡുക്കൾ 73422 രൂപ താഴെ പറയുന്ന വൗച്ചറുകൾ മുഖേന നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയതി | തുക | റിമാർക്കസ് |
|---|---|---|---|
| 1 | 21900118/ 20.05.19 | 16388 | ജീവനക്കാരന് പണമായി നൽകി |
| 2 | 21900119/ 20.05.19 | 57034 | KPEPF ൽ ലയിപ്പിച്ചു |
| ആകെ | | 73422 | |

മേൽപ്പറഞ്ഞ തുകയിൽ അടിസ്ഥാന ശമ്പളം 260050 രൂപ, ക്ഷാമ ബത്ത (-)196898 രൂപ, പലിശ 10270 രൂപ എന്നിങ്ങനെയാണ്. ഇതിൽ അടിസ്ഥാന ശമ്പളത്തിന്റെ 15% , അതായത്, 39008 രൂപ പെൻഷൻ അംശദാനമായി സർക്കാറിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നം. 7/ 23.07.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ അംശദാനം അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരുന്നുകൾ പൂർണമായി ലഭിച്ചില്ല

എടരിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന പരിരക്ഷ പ്രോജക്ടിന്റെ (119/20) ഭാഗമായി മരുന്ന് വാങ്ങുന്നതിന് ബിൽ 13/14.02.2020 പ്രകാരം ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പെർഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുൻകൂറായിട്ടാണ് തുക പിൻവലിച്ച് കൈമാറുന്നത്.

മൂന്ന് ഇൻവോയ്സുകളിലായി 62742 രൂപയുടെ മരുന്നുകൾ ലഭ്യമായതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. 57258 രൂപയുടെ മരുന്നുകൾ / ഇൻവോയ്സ് ഇനിയും ലഭ്യമാവാനുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ലഭ്യമായ ഇൻവോയ്സ് വിവരം താഴെ കൊടുക്കുന്നു.

| | ഇൻവോയ്സ് | തുക |
|---|---|---|
| | 74/10.07.2020 | 4208 |
| | 1095/10.07.2020 | 27571 |
| | 2530/25.12.2020 | 30963 |
| | ആകെ | 62742 |
| | അടവാക്കിയ തുക | 120000 |
| | ബാലൻസ് | 57258 |

മരുന്നുകൾ ലഭ്യമായ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 03/15.07.2021 ഓഡിറ്റ് എൻക്വയറി മുഖേന അപാകത ശ്രദ്ധയിൽ പെടുത്തിയെങ്കിലും വിശദീകരണം ലഭിച്ചില്ല.

## 1-17 പൂർത്തീകരണ/ മൂല്യനിർണ്ണയ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ 244/20 മുഖേന, വിവിധ വാർഡുകളിലെ 22 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളിൽ മീറ്റർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 46904 രൂപ വൗച്ചർ നം. 21900847/ 27.02.20 മുഖേന തനതുഫണ്ടിൽ നിന്ന് എടരിക്കോട് കെ.എസ്.ഇ.ബി. അസി. എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ/ മൂല്യനിർണ്ണയ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം. 10/26.07.21) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ/ മൂല്യനിർണ്ണയ വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 46904 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-18 ലാപ്പ് ടോപ്പ് വിതരണത്തിലെ അപാകതകൾ

എസ്.സി വിദ്യാർഥികൾക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനുള്ളതാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന 179/20 സ്പിൽ ഓവർ പ്രോജക്ട്. എസ്.സി.പി ഫണ്ട് ആറ് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. ഈ – ടെണ്ടർ നടപടികളിലൂടെ പി.ജെ മാർക്കറ്റിങ്ങ് എന്ന പാലാരിവട്ടത്തെ

സ്ഥാപനത്തിനാണ് സപ്ളൈ ഓർഡർ നൽകുന്നത് . ബിൽ 02/16.05.2019 പ്രകാരം 555001 രൂപ സപ്ളൈ ചെയ്ത ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നിർവഹണത്തിലെ താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-പിജെ.മാർക്കറ്റിങ്ങ് എന്ന സ്ഥാപനം നൽകിയ ടെണ്ടറിൽ മൂന്ന് വർഷ വാറന്റി നൽകുന്നുണ്ട്. (3 Years Comprehensive Onsite OEM Warrenty Including Battery And Charger). എന്നാൽ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യത്തിന്റെ ഗുണഫലങ്ങൾ ലഭിച്ചിട്ടില്ല.

2-സപ്ളൈയർ ഹാജരാക്കിയ സാമ്പിൾ പരിശോധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ് എങ്കിലും വാറന്റി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായും എ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് രമിത .എ എന്നവർ പഞ്ചായത്തിന് കത്ത് നൽകുന്നുണ്ട്. മാത്രമല്ല, വാറന്റി മൂന്ന് വർഷം കാരി ഇൻ വാറന്റിയാണ് എന്നും ബാറ്ററിക്കും ചാർജറിനും വാറന്റി പരാമർശിക്കുന്നില്ല എന്നും ടെക്നിക്കൽ അസിസ്റ്റന്റ് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടറിൽ പരാമർശിച്ച പ്രകാരമുള്ള വാറന്റി ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ വീഴ്ച്ച വരുത്തിയത് ഗുരുതര പിഴവാണ്.

3-ലാപ്പുകൾ വിതരണം ചെയ്ത ശേഷം ടെക്നിക്കൽ അസിസ്റ്റന്റ് നൽകിയ തിയ്യതി രേഖപ്പെടുത്താത്ത കത്തിൽ ഇരുപത് ലാപ്പ്ടോപ്പുകൾ പരിശോധിച്ചതിൽ കേരള എ.ടി മിഷന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ് എന്നും മൂന്ന് വർഷ വാറന്റിയുള്ളതായും പരാമർശിക്കുന്നുണ്ട്. ഇത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ മുൻ പരാമർശവുമായി പൊരുത്തപെടുന്നില്ല. ലാപ്പിന്റെ ഗുണനിലവാരം , വാറന്റി എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിൽ ടി. എയും നിർവഹണ ഉദ്യോഗസ്ഥയും വലിയ പിഴവ് വരുത്തിയതായി കാണുന്നു.

4-പി.ജെ മാർക്കറ്റിങ്ങ് എന്ന സ്ഥാപനവുമായി ചമച്ച കരാർ ഫയലിൽ ഉണ്ട്. എന്നാൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്താതെയും ഒപ്പ് രേഖപ്പെടുത്താതെയുമാണ് സൂക്ഷിച്ചിട്ടുള്ളതാണ്. കരാർ ചമച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. കരാറിലെ 1 (B) സപ്ളൈ ചെയ്യുന്ന ലാപ്പിന്റെ ക്വാളിറ്റി വാറന്റി സംബന്ധിച്ചുള്ളതാണ്. എന്നാൽ വാറന്റി എത്ര കാലത്തേക്ക് എന്ന് പരാമർശിക്കുന്ന ഭാഗം ഒഴിച്ചിട്ടതായിട്ടാണ് കാണുന്നത്. മാത്രമല്ല, പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിലുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപെടുത്തിയിട്ടില്ല.

5-പ്രോജക്റ്റ് നിർവഹണ ശേഷം സ്ഥിരം സമിതി അംഗങ്ങൾ മോണിറ്ററിങ്ങ് നടത്തേണ്ടതുണ്ട്. എന്നാൽ മോണിറ്ററിങ്ങ് നടത്തിയ രേഖകൾ ഫയലിൽ ഉൾകൊള്ളിച്ചിട്ടില്ല.

6- സപ്ളൈ ചെയ്ത താഴെ രേഖപ്പെടുത്തിയ അധിക ഗുണഭോക്താക്കളുടെയും ലാപ്പ് നിലവിൽ പ്രവർത്തന രഹിതമാണ്. ഗുണഭോക്താക്കൾക്ക് സപ്ളൈയറുടെ പേര് വിവരം , ഇൻവോയ്സ് പകർപ്പ്, ഫോൺ നമ്പർ എന്നിവ നൽകിയിട്ടില്ല. അതിനാൽ തന്നെ യഥാസമയം സപ്ളൈയറുമായി കോൺടാക്റ്റ് ചെയ്യാനും അപാകത പരിഹരിക്കാനും സാധിച്ചില്ല എന്ന് വ്യക്തമാവുന്നു. വാറന്റി കാലയളവിലെ അപാകതകൾ പോലും ഗുണഭോക്താക്കൾ സ്വന്തം ചെലവിലാണ് പരിഹരിച്ചത് എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കുന്നുണ്ട്. പ്രോജക്റ്റിന്റെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക തടസ്സം ചെയ്യുന്നു.

| | ഗുണഭോക്താവ് | ഫോൺ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | കവിത എ | 7902545407 | കീബോർഡ്നിലവിൽ പ്രവർത്തന രഹിതമാണ്. |
| 2 | ദിൻഷ. കെ | 8943415370 | നിലവിൽ പ്രവർത്തന രഹിതമാണ്. |
| 3 | ശിശിര കെ | 9947870841 | ഹാങ്ങ് ആവുന്നു, നിലവിൽ പ്രവർത്തന രഹിതമാണ്. |
| 4 | രജനി പി | 9645714903 | നിലവിൽ പ്രവർത്തന രഹിതമാണ്. |
| 5 | ധന്യ പി | 9961167203 | ഡിസ്പ്ളേക്ക് പ്രശ്നങ്ങൾ ഉണ്ട്. ഹാങ്ങ് ആവുന്നു, നിലവിൽ പ്രവർത്തന രഹിതമാണ്. . |
| 6 | ശ്രീരാജ്. എം | 8086694417 | വാറന്റി കാലയളവിലെ കീ ബോർഡ് അപാകത സ്വയം പരിഹരിച്ചു. |
| 7 | ഷിൻഷ കെ | 9846309674 | കീബോർഡ്നിലവിൽ പ്രവർത്തന രഹിതമാണ്. |
| 8 | ശ്രീഷ്മ. കെ | 9544560260 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 9 | ജിൻഷ കെ.വി | 8606057442 | വാറന്റി കാലയളവിലെ കീ ബോർഡ് / ബോർഡ് അപാകത സ്വയം പരിഹരിച്ചു. നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 10 | അഭിജിത് കെ | 9048630529 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 11 | ദിവ്യ പി | 9744940474 | കീബോർഡ്നിലവിൽ പ്രവർത്തന രഹിതമാണ് |
| 12 | ദിൽഷ കെ | 9142230616 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 13 | ആതിര വി | 9605161629 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 14 | അശ്വിൻ എൻ | 9846956156 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 15 | അതുല്യ കെ | 9745625096 | നിലവിൽ പ്രവർത്തനക്ഷമമാണ്. |
| 16 | സനില സി | 9526812637 | വിവരങ്ങൾ ലഭ്യമായില്ല. ഫോൺ നമ്പർ നിലവിലില്ല. |
| 17 | സുബിൻ വി | 7994156473 | കീ ബോർഡ് നിലവിൽ പ്രവർത്തന രഹിതമാണ്. |
| 18 | അമൃത കെ | 9947311056 | കീ ബോർഡ്, പവർ ബട്ടൺ എന്നിവക്ക് അപാകതയുണ്ട്. |
| 19 | ജിതിൻ. കെ | 7560908854 | കീ ബോർഡ്, പവർ ബട്ടൺ എന്നിവക്ക് അപാകതയുണ്ട്. ഓണാവുന്നില്ല. |
| 20 | രതീഷ്. സി | 9633002258 | കീ ബോർഡ്, ചാർജർ, ഡിസ്പ്ളേ എന്നിവക്ക് അപാകതയുണ്ട്. |

വിതരണം ചെയ്ത ലാപ്പ് ടോപ്പുകൾ മുഴുവൻ തിരിച്ച് വിളിച്ച് സാങ്കേതിക തകരാറുകൾ കൃത്യമായി വിലയിരുത്തി, സപ്ളൈയറെ വിളിച്ച് വരുത്തി പരിഹരിക്കാൻ നടപടി സ്വികരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വികരിക്കുകയും ചെയ്യേണ്ടതാണ്. പ്രോജക്റ്റിന്റെ ഗുണവശങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ കുടിവെള്ളവിതരണത്തിന് പണം നൽകി

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റ് നം. 188/20 മുഖേന 05.05.19 മുതൽ 31.05.19 വരെ വിവിധ വാർഡുകളിൽ കുടിവെള്ളവിതരണം നടത്തിയതിന്, വാഹനത്തിന്റെ ജി.പി.എസ് ട്രിപ്പ് ഷീറ്റ് ഇല്ലാതെ പണം നൽകിയിട്ടുണ്ട്. 5000 ലിറ്റർ കപ്പാസിറ്റിയുള്ള 3 ടാങ്കറുകൾ ആകെ 242 ട്രിപ്പുകളായി 1210000 ലിറ്റർ വെള്ളം വിതരണം ചെയ്തു. ലിറ്ററിന് 0.75 രൂപ നിരക്കിൽ കരാറുകാരനായ ശ്രീ. അബ്ദുൽ കരീം കാവുങ്ങലിന്, വൗച്ചർ നം. 21900260/ 29.07.19 മുഖേന തനതു ഫണ്ടിൽ നിന്ന് 901482 രൂപ നൽകി. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കരാറുകാരന് നൽകേണ്ട തുക : 1210000 X 0.75 : 907500

(-) GPS ഘടിപ്പിക്കുന്നതിന് ITELFA TECH PVT LTD

തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയത് : 6018

ബാക്കി : 901482

(-) ആദായ നികുതി 1% : 9015

ബാക്കി കരാറുകാരന് നൽകിയത് : 892467

സ.ഉ. (സാധാ) നം. 500/2019/തസ്വഭവ തിയതി : 02.03.19 ഉത്തരവിൽ, കുടിവെള്ള വിതരണം നടത്തുന്ന വാഹനത്തിലെ ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷമേ ചെലവ് തുക നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, KL 55 F 2722 എന്ന വാഹനത്തിന്റെ 05.05.19 മുതൽ 22.05.19 വരെയുള്ള ജി.പി.എസ് ലോഗ് ആണുള്ളത്. 23.05.19 മുതൽ 31.05.19 വരെയുള്ള ജി.പി.എസ് ലോഗ് ലഭ്യമല്ല. ഇക്കാര്യം ജി.പി.എസ് സ്ഥാപിച്ച ITELFA TECH PVT LTD എന്ന സ്ഥാപനത്തെ 03.06.19 ന് A3-1152/19നമ്പർ കത്ത് മുഖേന സെക്രട്ടറി അറിയിച്ചുവെങ്കിലും ജി.പി.എസ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

23.05.19 മുതൽ 31.05.19 വരെ ഈ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്ത് പണം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തിയതി | Litre X Trip | Total Litre | വില |
|---|---|---|---|---|
| 1 | 23.05.19 | 5000 X 3 | 15000 | 11250 |
| 2 | 24.05.19 | 5000 X 3 | 15000 | 11250 |
| 3 | 25.05.19 | 5000 X 3 | 15000 | 11250 |
| 4 | 26.05.19 | 5000 X 3 | 15000 | 11250 |
| 5 | 27.05.19 | 5000 X 4 | 20000 | 15000 |
| 6 | 28.05.19 | 5000 X 3 | 15000 | 11250 |
| 7 | 29.05.19 | 5000 X 3 | 15000 | 11250 |
| 8 | 30.05.19 | 5000 X 3 | 15000 | 11250 |
| 9 | 31.05.19 | 5000 X 4 | 20000 | 15000 |
| | | | ആകെ | 108750 |

ജി.പി.എസ് ലോഗ് ഇല്ലാതെ പണം നൽകിയതിന് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/ 23.07.21), സാങ്കേതിക തകരാർ മൂലമാണ് ലോഗ് കിട്ടാതിരുന്നതെന്നും ഇക്കാര്യം ജി.പി.എസ് സ്ഥാപിച്ച സ്ഥാപനത്തെ അറിയിച്ചുവെങ്കിലും അവർക്കും ലോഗ് എടുക്കാൻ സാധിച്ചില്ലെന്നും പ്രസ്തുത ദിവസങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയത് വാർഡ് മെമ്പർ, വില്ലേജ് ഓഫീസർ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കുട്ടാട്ടപാറ അംഗനവാടി പുനരുദ്ധരുദ്ധാരണം - മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 17030രൂപ

മേൽ മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി വഴിയാണ് നിർവഹിച്ചിട്ടുള്ളത്. DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട് . പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. 16.3.18 ലെ DB3-9058/17/CE/LSGD നമ്പർ ഉത്തരവ് പ്രകാരം 1.7.2017 മുതൽ VAT ന് പകരം GST നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി അടവാക്കേണ്ടതില്ലെന്നും ഇപ്പോൾ VAT നിലവിലില്ലാത്ത സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് കൺവീനർക്ക് നൽകിയാൽ മതിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൂല്യ വർദ്ധിത നികുതി കുറക്കാതെ തുക നൽകിയതിനാൽ പ്രവൃത്തിയിൽ 17030 രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്.

1. പ്രൊജക്ട് നം : 181/20
ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

കൺവീനർ : അബ്ദുൽ അബ്ദുൽ. P

മൂല്യ നിർണ്ണയം - 340597

ബിൽ നമ്പർ - 8/7.5.19 - 297436

14/4.9.19 - 43161

കരാർ നം : 29/26.3.18

എംബുക്ക് നം: 138/17-18

TS-5,00,000

Cost Index – 37.25 (DSR 2016)

<u>കൺവീനർക്ക് നൽകാവുന്ന തുക</u>

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 340597 |
| (-)വാറ്റ് 5% | 17030 |
| (-)IT.2% | 6812 |
| (-)KCWWF1% | 3406 |
| SGST | 3406 |
| CGST | 3406 |
| കൺവീനർക്ക് | 306537 |

കൺവീനർക്ക് നൽകിയ തുക – 323567

കൺവീനർക്ക് അധികം നൽകിയത് - 17030 (323567 - 306537)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 /26.7.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 17030 രൂപ ഫൈനൽ ബിൽ അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഗ്രേഡഡ് മെറ്റൽ (DAR Code 16.42) ഉപയോഗിച്ച കൊണ്ടുള്ള കോൺക്രീറ്റിംഗ് ചെയ്തില്ല

2019-20 വർഷത്തിൽ നടപ്പാക്കിയ എല്ലാ കോൺക്രീറ്റ് റോഡ് പ്രവർത്തികളിലും 3 ഇനങ്ങളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. ക്വാറി മക്ക് വിരിക്കൽ, 1:4:8 സിമന്റ് കോൺക്രീറ്റിംഗ്, 1:2:4 സിമന്റ് കോൺക്രീറ്റിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 20-30 Cm കനത്തിൽ ക്വാറി മക്ക് വിരിച്ചതിന് ശേഷം 40 Mm മെറ്റൽ ഉപയോഗിച്ചുകൊണ്ടുള്ള 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 10 Cm കനത്തിലും 20 Mm മെറ്റൽ ഉപയോഗിച്ചുകൊണ്ടുള്ള 1:2:4 സിമന്റ് കോൺക്രീറ്റിംഗ് 7.5 Cm കനത്തിലും ചെയ്താണ് എല്ലാ കോൺക്രീറ്റിംഗ് പ്രവർത്തികളും ചെയ്തിട്ടുള്ളത്. DAR Code 16.42 പ്രകാരമുള്ള ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് 15 Cmകനത്തിൽ നൽകാമെന്നിരിക്കെ എസ്റ്റിമേറ്റിൽ ആയത് ഉൾപ്പെടുത്താതെ 2 ലെയർ ആയിട്ടാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് 15 Cmകനത്തിൽ നൽകിയിരുന്നെങ്കിൽ പ്രസ്തുത റോഡുകൾക്ക് കൂടുതൽ ഗുണനിലവാരവും ഈടും ലഭിക്കുമായിരുന്നു കൂടാതെ അനാവശ്യമായി വരുന്ന ചെലവുകൾ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് ഉടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 2019-20വർഷത്തിൽ 1,60,739 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിലൊഴികെ മറ്റ് ഫണ്ടുകളുപയോഗിച്ചുള്ള പ്രവൃത്തികളിൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 131 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 81 പ്രൊജക്ടുകളിലായി ആകെ 1,60,73931 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 131 | ആകെ അടങ്കൽ | 3,00,25,569 |
| നടപ്പിലാക്കിയത് | 81 | ചെലവ് | 16073931 |
| ശതമാനം | 61.83 | ചെലവ് ശതമാനം | 53.53 |

മേൽ പദ്ധതികളിൽ 23 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 7 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ (അസി.എഞ്ചിനീയർക്ക് മറ്റൊരു ഗ്രാമ പഞ്ചായത്തിന്റെ ചാർജ് കൂടി ഉണ്ടായിരുന്നു), രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്കുവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

lv) എല്ലാ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് 10 മാസം നൽകിയതായി കാണുന്നു. 15000 രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും 5 ലക്ഷം രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും പൂർത്തീകരണ കാലയളവ് ഒരുപോലെ നൽകിയത് ക്രമപ്രാകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.
3. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
7. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
8. പ്രവൃത്തിയുടെ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.
9. പ്രവൃത്തികളുടെ വലിപ്പ ചെറുപ്പവും അടങ്കൽ എന്നിവ പരിഗണിക്കാതെ എല്ലാ പ്രവൃത്തികൾക്കും 10 മാസ കാലയളവ് പൂർത്തീകരണത്തിനായി നൽകിയിട്ടുണ്ട്.
10. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലത്ത് വക്കുന്നില്ല. എസ്റ്റിമേറ്റിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, സുലേഖ ചെലവു സ്റ്റേറ്റുമെന്റ് പ്രകാരം താഴെ പറയുന്ന പ്രോജക്ടുകളിലായി 176951രൂപ ചെലവു ചെയ്തിട്ടുണ്ട്.

| ക്ര.നം. | പ്രോജക്ട് | തുക | ഫണ്ട് |
|---|---|---|---|
| 1 | 67/20,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 80000 | വികസന ഫണ്ട് |
| | | 23427 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 2 | SO177/20,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 73524 | വികസന ഫണ്ട് |
| | ആകെ | 176951 | |

പരിശോധനയ്ക്ക് യാതൊരു രേഖയും ഹാജരാക്കാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ പ്രകാരമുള്ള ഓഡിറ്റ് റിക്വിസിഷൻ (09/23.7.21) ഇഷ്യൂ ചെയ്തു. ഫോൺ മുഖേന ആരാഞ്ഞതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ക്വാറന്റീനിൽ ആണെന്നും പിന്നീട് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ 176951രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 കുട്ടാട്ടുപാറ അംഗനവാടി പുനരുദ്ധരുദ്ധാരണം - മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 17030രൂപ

പ്രൊജക്ട് നം : 181/20

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

കൺവീനർ : അബ്ദുൽ അബ്ദുൽ. P

മൂല്യ നിർണ്ണയം - 340597

ബിൽ നമ്പർ - 8/7.5.19 - 297436

14/4.9.19 - 43161

കരാർ നം : 29/26.3.18

എംബുക്ക് നം: 138/17-18

TS-5,00,000

Cost Index – 37.25 (DSR 2016)

മേൽ മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി വഴിയാണ് നിർവഹിച്ചിട്ടുള്ളത്. DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട് . പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. 16.3.18 ലെ DB3-9058/17/CE/LSGD നമ്പർ ഉത്തരവ് പ്രകാരം 1.7.2017 മുതൽ VAT ന് പകരം GST നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി അടവാക്കേണ്ടതില്ലെന്നും ഇപ്പോൾ VAT നിലവിലില്ലാത്ത സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് കൺവീനർക്ക് നൽകിയാൽ മതിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൂല്യ വർദ്ധിത നികുതി കുറക്കാതെ തുക നൽകിയതിനാൽ പ്രവൃത്തിയിൽ 17030 രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്.

<u>കൺവീനർക്ക് നൽകാവുന്ന തുക</u>

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 340597 |
| (-)വാറ്റ് 5% | 17030 |
| (-)IT.2% | 6812 |
| (-)KCWWF1% | 3406 |
| SGST | 3406 |
| CGST | 3406 |
| കൺവീനർക്ക് | 306537 |

കൺവീനർക്ക് നൽകിയ തുക – 323567

കൺവീനർക്ക് അധികം നൽകിയത് - 17030 (323567 - 306537)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 /26.7.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 17030 രൂപ ഫൈനൽ ബിൽ അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 12.07.2021 മുതൽ 16.07.2021 വരെ | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് ,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 390000 | 01/20,നെൽകൃഷി വികസനം | 390000 | 0 |
| | 200000 | 119/20,പരിരക്ഷ | 145176 | 54824 |
| | 100000 | 27/20,അനുപൂരക പോഷകാഹാരം | 100000 | 0 |
| | 80000 | 67/20,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 23427 | 56573 |
| | 80000 | SO177/20,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 80000 | 0 |
| | 400000 | 200/20,സ്കൂളുകളിൽ മലിനജലം സംസ്കരണ യൂണിറ്റ് | 0 | 400000 |
| | 630000 | 162/20,പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 0 | 630000 |
| ബ്ലോക്ക്&ജില്ലാ പഞ്ചായത്ത് | 530000 | 160/20, ഭിന്ന ശേഷി സ്കോളർഷിപ്പ് | 530000 | 0 |
| | | ആകെ | 1268603 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബില്ല്/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | | തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിസിറ്റി പോസ്റ്റ് ഷിഫ്റ്റിംഗ് | 2295656/ 20.5.2019 | 9918 | | വിവരം ലഭ്യമാക്കിയിട്ടില്ല | |
| കെ.എസ്.ഇ.ബി | ഇലക്ട്രിസിറ്റി പോസ്റ്റ് ഷിഫ്റ്റിംഗ് | 2034545/ 21.10.2019 | 24727 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | | 1794813 +തൻ വർഷം ലഭിച്ചത്: 320000 ആകെ:2114813 | 205883 | 0 | 1908930 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 48 | പി.ചന്ദ്രശേഖരൻ, സെക്രട്ടറി | LF 6537/ Spl.Cell/SC1/2000 17.9.01/12.11.01 | 8800/- | Rs.6496 (29843/54/Dt.12.5.06) Rs.2166 ( 29846/20/Dt.17.06.06) Rs.2166 (29846/58/Dt.12.07.06) Rs.2166 (29846/89/Dt.22.7.06) ആകെ 12994 (നഷ്ട തുക 8800 രൂപയും പലിശയും) | -- | -- | -- | 12994 | 0 |
| 1 | 2002-03 | 3 | ശ്രീ.കെ.എം കുഞ്ഞിമൊയ്തീൻ | LF 2993/Spl.Cell/SC5/04/26.8.04 | 921/- | 921 (Rt 33676/43/ Dt 31.1.2011) | -- | -- | -- | 921 | 0 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പ്രകാരമേ 30% തുക | നടപടികൾ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | അധികം നൽകിയത് (സൊലേഷ്യം) | |
| 2011-12,12-13 | | 2014-15 | 4(1)(A) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52024371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46075532 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17030 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 778856 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 17030 | ശ്രീ. മുജീബ് റഹ്മാൻ പി എം, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 46904 | ശ്രീ ഹരീഷ്കുമാർ എൻ, സെക്രട്ടറി |
| 1-18 | 555001 | ശ്രീ അബ്ദുന്നാസർ ടി, സെക്രട്ടറി |
| 1-26 | 176951 | ശ്രീമതി. നസീമ.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 778856 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുജീബ് റഹ്മാൻ പി എം,അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ .എസ്.ജി.ഡി, എടരിക്കോട്. | പിച്ചേൻമടത്തിൽ വീട്, വെസ്റ്റ് കോഡൂർ, മലപ്പുറം |
| ശ്രീ ഹരീഷ്കുമാർ എൻ., സെക്രട്ടറി, | സെക്രട്ടറി, അയർകുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം. | ശ്രീവിഹാർ,ടി.സി.28/785,ഓട്ടുകാൽ സ്ട്രീറ്റ്, കൈതമുക്ക്, തിരുവനന്തപുരം. |
| ശ്രീ അബ്ദുന്നാസർ .ടി., സെക്രട്ടറി, | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, കോഴിക്കോട് | പിലാശ്ശേരി വീട്, കണ്ണാടിക്കൽ, വേങ്ങേരി.പി.ഒ, കോഴിക്കോട്. |
| ശ്രീമതി.നസീമ.കെ., | | കൊളക്കാട്ടിൽ ഹൗസ്, ചെമ്മങ്കടവ്, |

| | | | |
|---|---|---|---|
| | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | കോഡൂർ, |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2 | 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 3 | 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 4 | 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |
| 5 | 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 6 | 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 7 | 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 8 | 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 9 | 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |
| 10 | 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |
| 11 | 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 30.11.13 | 7 |
| 12 | 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി 14.07.15 | 10 |
| 13 | 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 03.08.16 | 17 |
| 14 | 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 07.1.17 | 13 |
| 15 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തിയ്യതി 15-07-2017 | 17 |
| 16 | 2017-18 | കെ എസ് എ എം പി എം14/2414/18 തിയ്യതി 07/12/2018 | 19 |
| 17 | 2018-19 | കെ എസ് എ എം പി എം14/1837/19 തിയ്യതി 05.08.2019 | 22 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്